**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3998** **28-06-2024 - ൽ മറുപടിയ്ക്ക്**

**വൻകിട കെട്ടിടങ്ങളിലെ അഗ്നി സുരക്ഷാ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഫ്ലാറ്റ് സമുച്ചയങ്ങളടക്കമുള്ള വൻകിട കെട്ടിടങ്ങളിൽ മതിയായ അറ്റകുറ്റപ്പണികൾ നടത്തി വർഷംതോറും അഗ്നിരക്ഷാസേനയുടെ നിരാക്ഷേപ പത്രം കരസ്ഥമാക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ടോ; ഇത്തരത്തിലുള്ള പരിശോധനകൾ നടത്തി നിബന്ധനകൾ പാലിക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികൾ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | പരിശോധിക്കുന്നുണ്ട്. സംസ്ഥാനത്തെ ഫ്ലാറ്റ് സമുച്ചയങ്ങൾ ഉൾപ്പെടെയുള്ള വൻകിട കെട്ടിടങ്ങളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തി അഗ്നിസുരക്ഷാ സംവിധാനങ്ങൾ തൃപ്തികരമാണെന്ന ബോധ്യപ്പെട്ടാൽ എൻ.ഒ.സി. പുതുക്കി നൽകിവരുന്നു. പരിശോധനകൾ നടത്തി നിബന്ധനകൾ പാലിക്കാത്തവർക്കെതിരെയും ഏതെങ്കിലും അപാകത കണ്ടെത്തിയാൽ ആയത് പരിഹരിക്കുന്നതിനായും കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകുകയും വിവരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെയും ജില്ലാ കളക്ടറെയും അറിയിക്കുകയും ചെയ്തു വരുന്നു. |
| (ബി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഇതിൽ കണ്ടെത്തിയ കുറവുകളും അവ പരിഹരിച്ചതിന്റെ വിശദാംശങ്ങളും അറിയിക്കാമോ; | (ബി) | തിരുവനന്തപുരം, പാരിപ്പള്ളി, വണ്ടാനം, കോട്ടയം, കോന്നി, കളമശ്ശേരി, മഞ്ചേരി, തൃശ്ശൂർ, പരിയാരം മെഡിക്കൽ കോളേജുകളിൽ ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ചിലയിടങ്ങളിൽ സംവിധാനങ്ങളുടെ കുറവ്, പൂർണ്ണ തോതിലുള്ള പ്രവർത്തന ക്ഷമത, എന്നിവയും ആയവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പിന് നൽകിയിട്ടുണ്ട്. |
| (സി) | ഫ്ലാറ്റ് സമുച്ചയങ്ങളടക്കമുള്ള വൻകിട കെട്ടിടങ്ങളിലും സർക്കാർ ഓഫീസ് സമുച്ചയങ്ങളിലും സർക്കാർ മെഡിക്കൽ കോളേജുകൾ അടക്കമുള്ള വലിയ ആശുപത്രി കെട്ടിട സമുച്ചയങ്ങളിലും മതിയായ അഗ്നി സുരക്ഷാ സംവിധാനങ്ങളും അത്യാഹിതമുണ്ടാകുന്ന വേളയിൽ രക്ഷപ്പെടുന്നതിനായുള്ള മാർഗ്ഗങ്ങളും കൃത്യമായി പരിപാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ ; ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ ഫ്ലാറ്റ് സമുച്ചയങ്ങൾ അടക്കം ഉള്ള വൻകിട കെട്ടിടങ്ങളിൽ എൻ.ഒ.സി. പുതുക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും പരിശോധന നടത്താറുണ്ട്. ഏതെങ്കിലും അപാകത കണ്ടെത്തിയാൽ ആയത് പരിഹരിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകുകയും വിവരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെയും ജില്ലാ കളക്ടറെയും അറിയിക്കുന്നുമുണ്ട്. കൂടാതെ ആശുപത്രികൾ സർക്കാർ ഓഫീസുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളിൽ ഫയർ ഓഡിറ്റും ബോധവൽക്കരണ ക്ലാസുകളും മോക്ക്ഡ്രില്ലുകളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ